# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3696     14.03.2017 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ഗ്രേഡ് 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമിക്കപ്പെടാൻ പി.എസ്.സി. നിശ്ചയിച്ചിരിക്കുന്ന യോഗ്യത എന്താണ്; ഈ തസ്തികയിൽ സാനിട്ടറി കോഴ്സ് പാസ്സായവർക്ക് നിയമനം നൽകുമോ; വ്യക്തമാക്കാമോ ; | എ) & ബി) | 08.07.2008 മുതൽ ആരോഗ്യ വകുപ്പിലെ ഗ്രേഡ് 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമിക്കപ്പെടാനുള്ള യോഗ്യത ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി) ആണ്. എന്നാൽ 15.06.2012-ലെ ജി.ഒ(എം.എസ്) നം.180/12/ആ.കു.വ എന്ന ഉത്തരവ് പ്രകാരം 31.12.2009 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള സാനിട്ടറി കോഴ്സ് സർട്ടിഫിക്കറ്റ് ഉള്ള ജീവനക്കാർക്ക് ബൈട്രാൻസ്ഫർ വഴി നിയമനം നൽകി വരുന്നുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്ലസ് ടു/വി.എച്ച്.എസ്.സി (ബയോളജി) യും ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സും (ഡി.എച്ച്.ഐ.സി) ആണ് ഗ്രേഡ് 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമിക്കപ്പെടാനുള്ള യോഗ്യത. നേരിട്ടുള്ള നിയമനരീതിയാണ് സ്വീകരിച്ചുവരുന്നത്. |
| ബി) | സർവ്വീസിലുള്ള ജീവനക്കാരെ ബൈ ട്രാൻസ്ഫർ വഴി ഈ തസ്തികയിൽ നിയമിക്കുമ്പോൾ, യോഗ്യതയായി സാനിട്ടറി കോഴ്സ് പാസ്സായാൽ മതി എന്നുള്ള ഉത്തരവുകൾ ഏതെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ; | | |
| സി) | ഇത്തരത്തിൽ സാനിട്ടറി കോഴ്സ് മാത്രം പാസ്സായ ജീവനക്കാരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ബൈ ട്രാൻസ്ഫർ വഴി നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | സി) | 31.12.2009 വരെ ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പ്രവേശിക്കുകയും സാനിട്ടറി കോഴ്സ് സർട്ടിഫിക്കറ്റ് ഉള്ളവരുമായ ജീവനക്കാർക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 15.06.2012-ലെ ജി.ഒ (എം.എസ്) നം.180/12/ആ.കു.വ എന്ന ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ബൈട്രാൻസ്ഫർ വഴി നിയമനം നൽകിയിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ